	ഇൻവെസ്റ്റ്മെന്റ് ആന്റ് മാനുഫാക്ചറിംഗ് സോൺ	
3	പെട്രോളിയവും കെമിക്കൽസും പെട്രോകെമിക്കൽ ഇൻവെസ്റ്റ്മെന്റ് മേഖലയും	9000
4.	വിഴിഞ്ഞം അന്താരാഷ്ട്ര ടെർമിനൽ	2870.00
5.	കൊച്ചി മെട്രോ	3870.07
6.	തിരുവനന്തപുരം മോണോ റെയിൽ	3590.00
7.	കോഴിക്കോട് മോണോ റെയിൽ	1991.00
8.	കണ്ണൂർ വിമാനത്താവളം	1892.00
9.	മൊബിലിറ്റി ഹബ്ബ്	433.34
10.	35-ാം ദേശീയ ഗെയിംസ്	325.14
11.	തലസ്ഥാന നഗര വികസന പദ്ധതി	1000.00

ബാറുകളിലെ നികുതി കണക്കാക്കുന്ന കോമ്പൗണ്ടിംഗ് സമ്പ്രദായം

173 (513) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) 2014-2015 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് നിർദ്ദേശം അനുസരിച്ച് ടു സ്റ്റാറും അതിന് താഴെയുമുള്ള ബാറുകളിലെ നിലവിലെ നികുതി കണക്കാക്കുന്ന കോമ്പൗണ്ടിംഗ് സമ്പ്രദായത്തിനു മാറ്റം വരുത്തിക്കൊണ്ട് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ, ഇതുവഴി പ്രതീക്ഷിക്കുന്ന അധിക വരുമാനം എത്ര കോടിയാണ് ;

(ബി) മാറ്റം വരുത്തുന്നതിന് മുമ്പുള്ള കോമ്പൗണ്ടിംഗ് സമ്പ്രദായമനുസരിച്ച് 2013-14 വർഷം ലഭിച്ച മൊത്തം വരുമാനം എത്ര കോടിയായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(സി) 2014-15 വർഷത്തിന്റെ ആദ്യപകുതിയിൽ ലഭിച്ച വരുമാനം എത്രയാണ്;

(ഡി) നിയമത്തിന് ഭേദഗതി വരുത്തിക്കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2014-15 ബഡ്ജറ്റ് പ്രസംഗത്തിന്റെ 353-ാം ഖണ്ഡികയിൽ പ്രതിപാദിച്ച കാര്യങ്ങൾ പ്രാബല്യത്തിൽ വരുത്തുന്നതിനായി കേരള ധനകാര്യ നിയമം 2014 പ്രകാരം കേരള പൊതുവില്പന നികുതി നിയമത്തിൽ വരുത്തിയ ഭേദഗതി അനുസരിച്ച് ഇരട്ട നക്ഷത്ര പദവിയുള്ള ബാർ ഹോട്ടലുകളുടെ കോമ്പൗണ്ടിംഗ് നികുതി കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, മറ്റുപ്രദേശങ്ങൾ എന്നതരം തിരിവില്ലാതെ ബിവറേജസ് കോർപ്പറേഷനിൽനിന്നും വാങ്ങുന്ന വിലയുടെ അടിസ്ഥാനത്തിൽമാത്രം നിജപ്പെടുത്തിക്കൊണ്ട് 160 ശതമാനമായി ഉയർത്തിയിട്ടുണ്ട്. ഇത് കോമ്പൗണ്ടിംഗ് നികുതിയുടെ ഒരു പുനഃക്രമീകരണം മാത്രമാകയാൽ അധിക വരുമാനം പ്രതീക്ഷിക്കുന്നില്ല.

(ബി&സി) വിവരം ശേഖരിച്ചു നൽകുന്നതാണ്

(ഡി) പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം

174 (514) <u>ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ നീലേശ്വരം ഇ.എം.എസ് സ്റ്റേഡിയം നിർമ്മാണത്തിന് 2014 വർഷ ബഡ്ജറ്റ് പ്രസംഗത്തിന്റെ പരിസമാപ്തിയിൽ ബഹു.ധനകാര്യമന്ത്രി 5 കോടി രൂപ അനുവദിച്ചുകൊണ്ട് ഉത്തരവായിരുന്നു എങ്കിലും കഴിഞ്ഞ സമ്മേളനത്തിലെ സപ്ലിമെന്ററി ഡിമാന്റിലോ തുടർന്നോ ഇതിനാവശ്യമായ തുക അനുവദിച്ച് ഉത്തരവായിട്ടില്ലാത്തതിനാൽ പ്രവൃത്തിക്ക് എ.എസ്. നൽകാൻ കഴിയാതെ വന്നതിനാൽ ഈ തുക എപ്പോൾ അനുവദിക്കുമെന്ന് വ്യക്തമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly